WRITTEN ANSWERS

ആർ. ഡി. ഡി. ആഫീസുകൾ

* 116 (404) ശ്രീ. കെ. എ. ശിവരാമഭാരതി: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ഡി. ഡി. ആഫീസുകൾ എന്നുമുതൽ നിറുത്തലാക്കാനാണ് ഗവൺമെൻറ് തീരുമാനമെടുത്തത്;

(ബി) ഇതുസംബന്ധിച്ച കൽപ്പനയുടെ കോപ്പി മേശപ്പുറത്ത് വെയ്ക്കുമോ?

വിദ്യാഭ്യാസവും, ആഭ്യന്തരവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) ആർ. ഡി. ഡി. ആഫീസുകൾ എന്നുമുതൽ നിറുത്തലാക്കണമെന്നതുസംബന്ധിച്ച് തീരുമാനമെടുത്തുകഴിഞ്ഞിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബാങ്കുവായ്പ

* 117 (417) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ദേശസാൽക്കൃത ബാങ്കുകളിൽ നിന്ന് ജലസേചനം, ശുദ്ധജല വിതരണം, ഭവന നിർമ്മാണം മുതലായ പദ്ധതികൾ നടപ്പാക്കുവാൻ വേണ്ടി സംസ്ഥാന ഗവൺമെൻറിന് വായ്പകൾ ലഭിക്കാൻ സാദ്ധ്യതയുണ്ടോ;

(ബി) ഇത്തരം ചെറുകിട പദ്ധതികൾ നടപ്പിലാക്കുവാൻ പ്രസ്തുത ബാങ്കുകളിൽനിന്നു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും കടം ലഭിക്കുമോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെൻറ് എന്തെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ, ബി, സി) ബന്ധപ്പെട്ട അധികൃതരുമായി ഗവൺമെൻറ് ചർച്ച ചെയ്തുവരികയാണ്.

സ്ക്കൂട്ടർ ഫാക്ടറി

* 118 (426) ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ പുതിയതായി സ്ഥാപിക്കാൻ പോകുന്ന സ്ക്കൂട്ടർ ഫാക്ടറിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കും;

(ബി) ഇത് സ്വകാര്യമേഖലയിലോ, പൊതുമേഖലയിലോ;

(സി) എത്രപേർക്ക് തൊഴിൽകിട്ടാൻ സാദ്ധ്യതയുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും തൊഴിലും‌മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ക്ലിപ്തമായി പറയാൻ നിർവ്വാഹമില്ല.

(ബി) പൊതുമേഖലയിൽ.

(സി) ഇപ്പോഴും പറയാൻ പ്രയാസമാണ്.

UNSTARRED QUESTIONS AND ANSWERS

മെത്തപ്പാവ്യവസായ സഹകരണ സംഘം

47 (459) ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും‌മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മെത്തപ്പാവ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഖാദികമ്മീഷൻ നൽകുന്ന സഹായധനം ഉപയോഗപ്പെടുത്തി തഴപ്പാവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനു പ്രതിബന്ധമായി ഇന്നു നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള അടിയന്തിരനടപടി സ്വീകരിക്കുമോ.

ഉത്തരം

(എ) ഇരുപത്തി എട്ട്.

(ബി) ഖാദികമ്മീഷൻ നൽകുന്ന ധനസഹായം ഉപയോഗപ്പെടുത്തി തഴപ്പാവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനു പ്രതിബന്ധമായി നിൽക്കുന്ന വ്യവസ്ഥകളെ യുക്താനുസരണം ഭേദഗതി ചെയ്യുവാൻ ജില്ലാ വ്യവസായ ഉദ്യോഗസ്ഥൻമാർക്കും മറ്റു സഹകരണ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ADJOURNMENT MOTION

Lathi charge by the Police on the Jatha organised to support of the strike by the employees of the K. S. R. T. C.

മി. സ്പീക്കർ: ട്രാൻസ്പോർട്ടുതൊഴിലാളിസമരത്തോടു അനുഭാവം രേഖപ്പെടുത്താൻ പൊതുയോഗത്തിൽ സംബന്ധിക്കാനെത്തിയ പ്രകടന ജാഥയെ ആക്രമിച്ചതിനെത്തുടർന്ന് നിലവിലിരിക്കുന്ന ഗുരുതരമായ അവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു റൂൾ 49 അനുസരിച്ച് ശ്രീമതി കെ. ആർ. ഗൗരി തുടങ്ങി 12 ബഹുമാനപ്പെട്ട മെംബർമാർ നോട്ടീസ് തന്നിട്ടുണ്ട്.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

സർ, ഇന്നലെ ഏകദേശം 6.40—ന് 800—ഓളം പേരടങ്ങിയ ഒരു ജാഥ ട്രാൻസ്പോർട്ടുസമരസഹായസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുകയുണ്ടായി—ആ ജാഥയുടെ മുമ്പിലുള്ള ഭാഗം 8.5—ന് ഓവർബ്രിഡ്ജ് മൈതാനത്തിൽ എത്തിച്ചേർന്നു. അവിടെ ഒരു പൊതുയോഗം ചേരാൻ

LIBRARY ARCHIVES Kerala Legislative Assembly